"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം-14.

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
## (നിലവിൽ: ശ്രീ സുനിൽ ജേക്കബ് )

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ്- ആട്ടോമൊബൈൽ ട്രേഡ് ഉപകരണങ്ങളുടെ സംഭരണം-ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട്, കമ്പനി ഓഫർ, സ്പെസിഫിക്കേഷൻ എന്നിവ പുന:പരിശോധിച്ച് റിപ്പോർട്ട് നൽകുന്നത്- സംബന്ധിച്ച്:-.

**സൂചന:-**
1. ടെണ്ടർ നം.ഇ5/114/11-ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട്
2. വിതരണ ഉത്തരവ് നം.ഇ7/36725/11(1) തീയതി 26-3-12, മെ.പ്രൈം ഏജൻസീസ് കോഴിക്കോട്

## ഉത്തരവ് നമ്പർ : ഇ7/36725/2011 തീയതി: 23/2/2013

പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിതരണ ഉത്തരവ് അനുസരിച്ച് മെ.പ്രൈം ഏജൻസീസ് കോഴിക്കോട് എന്ന കമ്പനി വിതരണം ചെയ്ത സാധനങ്ങൾ തൃപ്തികരമായിട്ടല്ലാ ലഭിച്ചിരിക്കുന്നത് എന്ന് 3 ഐ.ടി.ഐ പ്രിൻസിപ്പാൾമാർ( മലയിൻകീഴ്, എറ്റുമാനൂർ, ചെറിയമുണ്ടം) ഒഴികെ മറ്റുള്ളവർ അറിയിച്ചിരിക്കുന്നു. ടി വിതരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് പരാമർശം (1) പ്രകാരമുള്ള ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിനാൽ ടി കമ്മിറ്റി അംഗങ്ങളായ താഴെ പറയുന്ന ഉദ്യോഗസ്ഥരെ വിതരണം ചെയ്തതും പരാതി നിലനിൽക്കുന്നതുമായ സാധനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അധികാരപ്പെടുത്തുന്നു.

1. ശ്രീ.ബി.ഹരേഷ്കുമാർ
   പ്രിൻസിപ്പാൾ, ഐ.ടി.ഐ
   പള്ളിക്കത്തോട്

2. ശ്രീ.എബ്രഹാം വർഗ്ഗീസ്
   സീനിയർ ഇൻസ്ട്രക്ടർ
   ഐ.ടി.ഐ, ധനുവച്ചപുരം

3. ശ്രീ.രമേഷ് കുമാർ.എ
   സീനിയർ ഇൻസ്ട്രക്ടർ
   ഐ.ടി.ഐ, ധനുവച്ചപുരം

ടി ഉദ്യോഗസ്ഥർ; ടെണ്ടർ സ്പെസിഫിക്കേഷൻ, കമ്പനി ഓഫർ, ടെക്നിക്കൽ കമ്മിറ്റി റെക്കമന്റേഷൻ, തുടർന്നുള്ള വിതരണ ഉത്തരവ്

എന്നിവ ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച ശേഷം വിതരണം ചെയ്യപ്പെട്ടിരിക്കുന്ന സാധനങ്ങളുമായി ഒത്തു നോക്കി ആയവ സ്വീകരിക്കാവുന്നതാണോ അല്ലയോ എന്ന് വ്യക്തമായ വിശദീകരണങ്ങളോടെ റിപ്പോർട്ട് സമർപ്പിക്കണം. ഈ സാമ്പത്തിക വർഷം തന്നെ തുക ചെലവഴിക്കേണ്ടതുള്ളതിനാൽ അടിയന്തിരമായി വിവരം നൽകേണ്ടതാണ്.

**(ഒപ്പ്)**
**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

To

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പ്രിൻസിപ്പാൾ മുഖാന്തിരം)
(പരിശോധനയ്ക്ക് ആവശ്യമായ രേഖകളുടെ പകർപ്പ് സഹിതം)

പകർപ്പ്:- ഐ.ടി.ഐ, ആര്യനാട്, ധനുവച്ചപുരം, പേരാവൂർ, ഉദുമ, കാസർഗോഡ്,ചെങ്ങന്നൂർ, മലമ്പുഴ, കോഴിക്കോട് & കൽപ്പറ്റ (ടി ഉദ്യോഗ്സ്ഥരുമായി ബന്ധപ്പെട്ട് സൗകര്യപ്രദമായ സമയം നിശ്ചയിച്ച് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ജോലി പൂർത്തിയാക്കൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. )

**//ഉത്തരവിൻ പ്രകാരം//**

**ജൂനിയർ സൂപ്രണ്ട്**

A-25-2-13